**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4255** **28-06-2024 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി റോഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തലസ്ഥാന നഗരത്തിൽ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി മന്ദഗതിയിൽ നടക്കുന്ന റോഡ് നവീകരണം ത്വരിതഗതിയിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായുള്ള റോഡുകളുടെ നവീകരണം ത്വരിതഗതിയിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ റോഡുകളിലും ഓടകൾക്ക് പുറമെ ഡ്രെയിനും ചേംബറും നിർമിക്കാൻ ആഴത്തിൽ എസ്കവേഷൻ നടത്തേണ്ടതാണ്. നിലവിലുള്ള ലൈവ് യൂട്ടിലിറ്റി ലൈനുകൾ (കുടിവെള്ള പൈപ്പുകൾ , സെവെറേജ് ലൈനുകൾ, കെ.എസ്.ഇ.ബി, ബി.എസ്.എൻ.എൽ, മറ്റു പ്രൈവറ്റ് കമ്മ്യൂണിക്കേഷൻ ലൈനുകൾ) തകരാറിലാകാതെ കുഴിക്കുക എന്നത് വളരെ ശ്രമകരമായത് തന്നെയാണ്. വ്യത്യസ്ത കാലഘട്ടങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ഇട്ടിരിക്കുന്ന ലൈനുകളിൽ അപ്രതീക്ഷിതമായി തകരാറുകൾ സംഭവിക്കുകയും തന്മൂലം പദ്ധതി നിർവഹണം തടസ്സമാകുന്നതും പുരോഗതിയെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.<br><br>യൂട്ടിലിറ്റി ലൈനുകൾ തകരാറിൽ ആകുന്ന പക്ഷം അതാത് യൂട്ടിലിറ്റികളുടെ വകുപ്പുകളുമായി കൂടിയാലോചിച്ച് വകുപ്പുകളുമായി സംയുക്ത സ്ഥലപരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തികൾ ത്വരിത ഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്മാർട്ട് റോഡിന്റെ പ്രവർത്തികളിൽ ഇലക്ട്രിക് ലൈനുകളും നെറ്റ് വർക്ക് ലൈനുകളും ഭൂമിക്കടിയിലാക്കുന്നതിന് വേണ്ടിയുള്ള POWER DUCT, DWC PIPES, 7-WAY PIPES, ഫീഡർ പില്ലറുകൾ കൂടാതെ വാട്ടർ ലൈനുകൾക്ക് വേണ്ടിയുള്ള DI PIPE-കൾ എല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് ലഭ്യമാക്കേണ്ടിയിരുന്നത്. ഓർഡർ അനുസരിച്ച് മാത്രമേ ഇത്തരം സാമഗ്രികൾ ഫാക്ടറികളിൽ നിർമ്മിക്കുകയുള്ളൂ. ഇത്തരം പ്രത്യേക ഇനത്തിൽപ്പെട്ട നിർമ്മാണസാമഗ്രികൾ ലഭ്യമാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | പലവിധ കമ്പനികളുമായി ചർച്ച നടത്തി ആയത് സമാഹരിച്ചുവെയ്ക്കുന്നതിനുള്ള സൌകര്യങ്ങൾ ഒരുക്കുകയും പദ്ധതി പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മാണം നടക്കുന്ന റോഡുകളുടെ വിശദാംശം, നിർമ്മാണം പൂർത്തിയാക്കുമ്പോൾ പ്രസ്തുത റോഡുകൾക്ക് വരുന്ന മാറ്റങ്ങൾ, അത് വഴി ജനങ്ങൾക്ക് ലഭിക്കുന്ന ഗുണങ്ങൾ എന്നിവ സംബന്ധിച്ച വിശദവിവരം നൽകുമോ; | (ബി) | സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി നിർമ്മാണം നടക്കുന്ന റോഡുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>സ്മാർട്ട് സിറ്റിയുടെ കീഴിൽ തിരുവനന്തപുരം നഗരസഭയുടെ അധീനതയിൽ ഉള്ള 40-ഓളം റോഡുകളും KRFB മുഖേന നിർമ്മാണം നടത്തുന്ന പൊതുമരാമത്തിന്റെ അധീനതയിൽ ഉള്ള 12 റോഡുകളുമാണ് സ്മാർട്ട് റോഡായി രൂപകൽപന ചെയ്യുന്നത്. ഇത്തരത്തിൽ സ്മാർട്ട് റോഡായി മാറ്റുന്നത് മൂലം റോഡുകളുടെ ഉപരിതലം SOIL PARAMETERS-ന്റെ അടിസ്ഥാനത്തിൽ BM&BC, M30&M40 കോൺക്രീറ്റ് റോഡുകൾ 100 MM THICK PAVER BLOCKS ആയും നിർമാണം നടത്തുന്നു. പൊളിഞ്ഞു കിടക്കുന്ന ഓടയുടെ കപ്പാസിറ്റി വർധിപ്പിച്ച് പുതുക്കിയും പുതുക്കിയ സ്ലാബുകൾ ഇട്ടും ഓടയുടെ ഒഴുക്ക് സുഗമമാക്കുന്നു. വൈദ്യുതി ലൈനുകൾ, KSEB പോസ്റ്റുകൾ മറ്റു കമ്മ്യൂണിക്കേഷൻ ലൈനുകളും പോസ്റ്റുകളും മാറ്റി അണ്ടർഗ്രൗണ്ട്<br><br>DUCT വഴി സ്ഥാപിക്കുകയും ചെയ്യുന്നു. നടപ്പാതകളിൽ കാഴ്ച പരിമിതിയുള്ളവർക്കും മറ്റു കാൽനടയാത്രക്കാർക്കും സുരക്ഷിതമായും സുഗമമായും നടക്കുന്നതിനുള്ള നടപ്പാതകളും നിർമ്മിച്ചുവരുന്നു. ശുദ്ധജല വിതരണത്തിനായി റോഡിന്റെ ഇരുവശത്തും പുതിയ കുടിവെള്ള ലൈനുകൾ (പൈപ്പുകൾ) സ്ഥാപിക്കുന്നു. കൂടാതെ LEDലൈറ്റുകൾ ഉപയോഗിച്ചുള്ള വഴിവിളക്കുകളും സ്ഥാപിക്കുന്നു . ഇത്തരത്തിലുള്ള നിർമാണങ്ങൾക്ക് പുറമെ സ്ഥല ലഭ്യതയ്ക്കനുസരിച്ച് LANDSCAPING AREA ആയി നിലനിർത്തിയും പോരുന്നു. വൈദ്യുതി ലൈനുകൾ/കമ്മ്യൂണിക്കേഷൻ ലൈനുകൾ UNDER GROUND DUCT വഴി സ്ഥാപിക്കുമ്പോൾ OVERHEAD ലൈനുകൾ പൂർണമായി ഒഴിവാക്കുകയും, പോസ്റ്റുകൾ ഒഴിവാക്കുകയും മൂലം റോഡിലൂടെയും ഫുട്പാത്തിലൂടെയും ഉള്ള യാത്രകൾ സുഗമമായി നടക്കും. കൂടാതെ റോഡിന്റെ വീതിയിൽ ചെറിയ മാറ്റവും വരുന്നതാണ്. നിലവിലുള്ള പൈപ്പ് ലൈനിന്റെ കാലപ്പഴക്കം കാരണവും, പൈപ്പ് റോഡിന്റെ ഏകദേശം മധ്യ ഭാഗത്തു |

| | | | |
|---|---|---|---|
| | | | നിൽക്കുന്നതിനാലും പുതിയ കണക്ഷൻ നൽകുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നു. ആയതിനാൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി റോഡിന്റെ ഇരുവശത്തും പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നത് വഴി ജലവിതരണത്തിനുള്ള ന്യൂനതകൾ ശാശ്വതമായി പരിഹരിക്കാൻ സാധിക്കുന്നതാണ്. കമ്മ്യൂണിക്കേഷൻ കേബിളുകൾ സ്ഥാപിക്കുന്നതിന് വേണ്ടി അണ്ടർ ഗ്രൗണ്ടിൽ 7-WAY പൈപ്പ് സ്ഥാപിച്ചത് മൂലം കമ്മ്യൂണിക്കേഷൻ ഏജൻസികൾക്ക് ടാർ കട്ട് ചെയ്യാതെ തന്നെ 7 WAY പൈപ്പ് കളിലൂടെ കേബിളുകൾ സ്ഥാപിക്കുന്നത് നിഷ്പ്രയാസം സാധിക്കുന്നതാണ്. കൂടാതെ ഓരോ 30 മീറ്റർ ഇടവിട്ട് യൂട്ടിലിറ്റി മാൻഹോളുകൾ സ്ഥാപിച്ചത് മൂലം എലെക്ട്രിക്കൽ/കമ്മ്യൂണിക്കേഷൻ ലൈനുകളും എളുപ്പത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സാധിക്കും. വീതികൂടിയ റോഡുകളുടെ ഇരുവശത്തും വീതികുറഞ്ഞ റോഡുകളുടെ ഒരു ഭാഗത്തായും ഫുട് പാത്തുകൾ നിർമിക്കുന്നത് കാരണം കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി യാത്ര ചെയ്യാൻ സാധിക്കുന്നതായിരിക്കും. കൂടാതെ ഫുട്പാത്തിൽ പാകുന്ന ടാക്ടയിൽ ടൈലുകൾ കാഴ്ച പരിമിതർക്ക് സുഗമമായി നടപ്പാതയിലൂടെ സഞ്ചരിക്കാൻ സാധിക്കുന്ന തരത്തിലുള്ളതാകുന്നു. കൂടാതെ സ്മാർട്ട് റോഡുകളിൽ LEDവഴിവിളക്കുകൾ സ്ഥാപിക്കുന്നത് വഴി രാത്രികാലങ്ങളിൽ കാൽനടയാത്രക്കാർക്കും റോഡിലൂടെ സുഗമമായി യാത്ര ചെയ്യുന്നതിനും സാധിക്കുന്നതാണ്. |
| (സി) | നിലവിൽ പുരോഗമിക്കുന്ന പ്രവൃത്തികൾക്കായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; നിർമ്മാണത്തിലുള്ള മുഴുവൻ റോഡുകളുടെ ആകെ അടങ്കൽ തുക എത്രയാണ്; അറിയിക്കുമോ; | (സി) | സ്മാർട്ട് സിറ്റിയുടെ കീഴിൽ നിർമാണം പുരോഗമിക്കുന്ന 40 റോഡുകളുടെ ആകെ അടങ്കൽ തുക 108,28,57,700 (GST ഉൾപ്പടെ ) രൂപയാണ് .<br>ഇതിൽ<br>നാളിതുവരെ 22,70,81,411.50 (GST ഉൾപ്പടെ) രൂപയാണ് റോഡുകളുടെ നിർമാണത്തിന് ചിലവഴിച്ചിട്ടുള്ളത്. കൂടാതെ KRFB മുഖേന നിർമാണം പുരോഗമിക്കുന്ന 12 റോഡുകളുടെ ആകെ അടങ്കൽ തുക 183,58,75,410 (GST ഉൾപ്പടെ) രൂപയാണ്. ഇതിൽ നാളിതുവരെ 57,31,20,855.83 /- (GST ഉൾപ്പടെ) രൂപയാണ് ചെലവിട്ടത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടമായി തിരുവനന്തപുരം നഗരത്തിൽ റോഡുകൾ ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ടി പദ്ധതിയുടെ രണ്ടാംഘട്ടമായി തിരുവനന്തപുരം നഗരത്തിലെ റോഡുകൾ ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

# ANNEXURE

## SMART CITY THIRUVANANTHAPURAM LIMITED

| Sl NO. | Road ID | Road Name | Contractor | Road Length | Site HandOver Date | TOC | EOT | Nature of work | Progress | | Amount Civil | Amount Electrical |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | 18.09.2023 | 17.03.2024 | | Civil | Completed. | 100% | | |
| 1 | ID 51 B | Charithra Veedhi | Shabu | 125 | | | | Electrical | Completed. | 100% | | 737119 |
| | | | | | 18.03.2023 | 17.09.2023 | 3 (28.03.2024) | Civil | Completed. | 100% | | |
| 2 | ID 51 A | Taluk Office Road | BRK | 420 | | | | Electrical | Completed. | 100% | 13197805 | |
| 3 | ID 46 | Thamman street | Selvan | 155 | 11.07.2023 | 10.01.2024 | | Civil | Completed. | 100% | 339327.07 | |
| 4 | ID 48 | Ayya Vadhyar street | Jose | 150 | 16.06.2023 | 15.12.2023 | | Civil | Completed. | 100% | 899784 | |
| 5 | ID 56 | Deekshithar Street | Selvan | 135 | 01.08.2023 | 26.01.2024 | | Civil | Completed. | 100% | 392213.99 | |
| 6 | ID 57 | Kallampalli Street | Selvan | 150 | 01.08.2023 | 26.01.2024 | | Civil | Completed. | 100% | 289248.66 | |
| 7 | ID 46 | Thamman street | | 155 | | | | | Completed. | 95% | | |
| 8 | ID 48 | Ayya Vadhyar street | | 150 | | | | | Completed. | 100% | | |
| 9 | ID 56 | Deekshithar Street | | 135 | | | | | Completed. | 100% | | |
| 10 | ID 57 | Kallampalli Street | Fathima | 150 | 09.02.2023 | 08.08.2023 | 2 (30.03.2024) | Electrical | Completed. | 100% | | 13685048 |
| 11 | ID 101 | Kochar Road | Sathikumar | 190 | 06.03.2023 | 24.08.2023 | 3 (05.03.2024) | Civil | Completed. | 100% | 6255582.34 | |
| 12 | ID 90 B | Sreemoolam road | Sathikumar | 248 | 24.02.2023 | 19.08.2023 | 3 (05.03.2024) | Civil | Completed. | 100% | 4591293.52 | |
| | ID 101 | Kochar Road | | 190 | 02.05.2023 | 01.11.2023 | 1 (31.12.2023) | | Completed. | | | 10121725 |
| 13 | ID 90 B | Sreemoolam road | Fathima | 248 | | | | | | | | |
| 14 | ID 70 | Sreepadam Road | Fathima | 73 | 23.08.2023 | 22.02.2024 | | Composite | Completed | 100% | 2563509.38 | |
| 15 | ID-60 | Vazhapally to South Nada | Jose | 180 | 31.08.2023 | 29.02.2024 | | Composite | Completed | | 3828424.16 | |
| 16 | ID 179 | Sreechithra Road | Fathima | 88 | 23.08.2023 | 22.02.2024 | | Composite | Completed | | 1269883.05 | |
| 17 | ID 178 | Vivekananda Nagar Lane | NSC Projects | 169 | 30.10.2023 | 29.04.2024 | | Composite | Completed | 70% | 1386349.79 | |
| 18 | ID 177 | Tamil School Lane | EJ Constructions | 27100% | 26.03.2023 | 11.12.2023 | 1 (15.06.2024) | Composite | Nearing completion | 95% | 5081818.94 | |
| 19 | ID - 66 | Padma Nagar-66 | | 113 | | | | | | 87% | | |
| 20 | ID - 68 | Padma Nagar-68 | | 84 | | | | CIVIL /ELECTRIC | | 87% | | |
| 21 | ID - 65 | Padma Nagar-65 | | 270 | | | | | First layer tarring completed | 88% | | |
| 22 | ID - 67 | Padma Nagar-67 | BRK | 158 | 27.03.2023 | 12.09.2023 | 3 (31.03.2024) | | Electrical work completed | 88% | 6372384.36 | 6400108.47 |
| 23 | ID 49 | Kothalam Jn. To West Fort | | 520 | | | | | | | | |
| 24 | ID-50 | Sreevaraham Jun-Kothalam Jun | Nizamuddeen | 210 | 24.02.2023 | 30.09.2023 | 2 (31.03.2024) | Composite | First layer tarring completed | 85% | 18135254.13 | |
| 25 | ID-91 | Mathrubhoomi Road | Nizamuddeen | 585 | 01.03.2023 | 26.08.2023 | 4 (15.06.2024) | Composite | First layer tarring completed | 65% | 11383077.98 | |
| 26 | ID 27 | Thycaud Police Ground road | Bankers Construction | 390 | 27.11.2023 | 26.05.2024 | 1 (15.06.2024) | Composite | First layer tarring completed | 90% | 22308079.05 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 27 | ID-100 | Justice Sankaranarayana Street | Bankers Construction | 165 | 03.01.2024 | 02.04.2024 or end of mission period | | Composite | First layer tarring completed | 90% | 5041846 | |
| 28 | ID-185 | MRT Road | NSC Projects | 125 | 10.11.2023 | 09.05.2024 | | Composite | Nearing Completion | 55% | 810390 | |
| 29 | ID-42 | KK Road | Sathikumar | 307 | 17.10.2023 | 16.04.2024 | | civil | 1. Drain completed-155m completed.<br>2. RCC Duct -120m completed.<br>3. Top slab shuttering works in progress | 35% | 3946436 | 6550000 |
| | | | Fathima | | 12.12.2023 | 11.06.2024 | | Electrical | | | | |
| 30 | ID-41 | Kothuval to Sabhapathi Kovil Street | Bankers Construction / Fathima Engineering | 633 | 03.01.2024 | 02.04.2024 or end of mission period | | civil | Sabhavathi Side<br>Pavement concrete completed-160m completed-Sectioning 150m progress<br>Kothuval Side<br>1. 0+00 to 0+90 duct drain completed(LHS)<br>2.RHS(0+000)(0+060)-Drain completed(Kothuval side) | 40% | 9872409.96 | 8962810 |
| | | | | | 27.07.2023 | 26.01.2024 | 1 (25.04.2024) | Electrical | HSC completed,CSS installed,Cable laying(50%) | | | |
| 31 | ID-31A | Keezhe Thampanoor Road | Akshaya builders | 340 | 11.12.2023 | 10.06.2024 | | Composite | 1.Concrete duct and manholes completed<br>2. Pipe duct laying to be started. | 20% | 1354810 | |
| 32 | ID 182 | Kuriyathi Road | Bankers Construction | 233 | 18.10.2023 | 16.04.2024 | 1 (15.06.2024) | Composite | Base course worksin progress | 72% | 3779373.22 | |
| 33 | ID 180 | Kamukuvilakom Road | Bankers Construction | 110 | 20.02.2024 | 30.04.2024 | 1 (30.06.2024) | Composite | 1. Drain and duct completed 145m(ID181)<br>2. Excavation done 145m for duct and drain .<br>3. Drain-70m completed(ID180).<br>4. Manhole 1- completed(ID180) | 25% | 1087324 | |
| 34 | ID 181 | Ankalamman Nagar Road | | 165 | | | | | | | | |
| 35 | ID 37 | Chenthitta Road | Shabu B | 175 | 05.03.2024 | 04.09.2024 or end of mission period | | Composite | LHS Drain completed<br>RHS Drain completed.RHS waterpipe laying completed and pressure test passed<br>Street Light completed<br>waterpipe laying - completed<br>Feeder piller 4 nos completed | 20% | | |
| 36 | 90A | Dharmalayam Road | Shabu B | 228 | 05.03.2024 | 04.09.2024 or end of mission period | | Composite | Utility manhole 9 nos completed<br>Excavation for HDPE Pipe laying progress.<br>Feeder piller completed.<br>Pipe duct laying in progress<br>waterpipe laying-in progress | 30% | | |
| 37 | ID 72 | Thyvila Road | Bankers Const. | 208 | 12.03.2024 | 11.09.2024 or end of mission period | | Composite | 1.Drain completed (LHS)<br>2.Pipe duct laying completed<br>3. Manhole -3nos completed.(0ut of 7)-1 nos (side wall completed)<br>4.Subgrade preparaption-110 m completed | 30% | 1400830.12 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 38 | ID 73 | Shanthi Nagar Road | Jose V | 19100% | 23.02.2024 | 22.08.2024 or end of mission period | | Composite | 1. Manholes 3 Nos completed.(0+000-0+090)<br>2. RCC duct completed.<br>3. Pipe Duct Laying(CH:0+000 to 0+90) and water line laying completed-0+100-Pressure test passed<br>4. Pavement PCC completed 75m | 55% | 2484004 | |
| 39 | ID -64 | Ananthancadu Temple | DSK Electrical powers | 159 | 24.02.2024 | 23.08.2024 or end of mission period | | Composite | 1.All manholes and pipe duct laying completed .<br>2.Cable pulling completed from CH:0+50 to CH:0+156<br>3. GSB Completed.<br>4. Interlock laying -completed | 60% | 2043210 | |
| 40 | ID-45 | Pumping Station Road | Selvan | 595 | 27.02.2024 | 26.08.2024 or end of mission period | | Civil | 1.Drain completed 460m<br>2.RCC DUCT -100m completed(up to side wall) (50m raft completed) | 40% | | 10750189 |
| | | | Fathima | | 23.11.2023 | 22.05.2024 | | Electrical | 2no. CSS installation done & HSC wiring done | | | |
| 41 | ID-44 | Pazhayasalai Road | | | 23.11.2023 | 22.05.2024 | | Electrical | | | | 3686178 |
| 42 | ID-59 | Punnackal Lane | Bankers Construction | 217 | 15.03.2024 | 14.09.2024 or end of mission period | | Composite | 1. Drain completed 140m(RHS)<br>2. Drain completed-160mLHS)<br>3.Manhole-3 completed. bal 3(nos) | 30% | 1434028 | |
| | | | | | | | | | | Total amount | 192,441,874.19 | |
| | | | | | | | | | | | 34,639,537.35 | |
| | | | | | | | | | | **Total amount** | **227,081,411.54** | |

# KRFB ROADS

| S No. | Name of roads | Length (m) | Name of Contractor | Date of Start | Date of Completion | | Remarks | Physical progress | Amount | |
|---|---|---|---|---|---|---|---|---|---|---|
| | | | | | Original | Extended/Expected | | | Civil | Electrical |
| 1 | Manaveeyam veedhi road | 225 | Shabu B | 22/5/2023 | 21/8/2023 | | Road opened for traffic | 100% | 19,461,901.00 | |
| 2 | Rose House Panavila Road *(Kalabhavan Mani road)* | 154 | ULCCS | 19/6/2023 | 18/9/2023<br>18/9/2023 | | Road opened for traffic | 100% | 7,598,411.00 | |
| 3 | VJT hall flyover road | 210 | TECHMANTHRA ENGINEERS AND CONTRACTORS | 29/9/2023 | 28/12/2023 | 31.03.2024 | BC Completed (opened for traffic) | 90% | 6,184,392.00 | 2,625,500.00 |
| 4 | Spencer - Gashouse Junction | 238 | TECHMANTHRA ENGINEERS AND CONTRACTORS | 13/9/2023 | 12/12/2023 | 31.03.2024 | BM Completed.(First layer tarring) | 80% | 4,277,728.00 | 1,581,085.00 |
| 5 | Thycadu house-Keezhethampanoor road | 595 | S. SANTHAMMA | 10/10/2023 | 08.03.2024 | 15.04.2024 | BM Completed upto 340m (First layer tarring) | 75% | 19,449,420.82 | 11,542,839.00 |
| 6 | Killippalam to Attakkulangara | 1,166 | Thajudeen | 6/11/2023 | 04.05.2024 | 25.06.2024 | RHS BM completed<br>LHS 1 lane completed(First layer tarring) | 70% | 69,776,089.55 | 14,044,458.87 |
| 7 | Statue-General Hospital | 444 | Sudheer.S | 6/11/2023 | 06.03.2024 | 30.06.2024 | BM Completed.(First layer tarring) | 80% | 13,652,522.00 | 16,840,395.00 |
| 8 | NORKA - Gandhibhavan road | 502 | Sudheer.S | 6/11/2023 | 5/3/2024 | 30.06.2024 | BM Completed.(First layer tarring) | 80% | 11,715,762.00 | 6,486,215.00 |
| 9 | General Hospital - Vanchiyoor road | 705 | Sudheer.S | 6/11/2023 | 4/4/2024 | 30.06.2024 | BM Completed.(First layer tarring) | 80% | 24,793,941.00 | 22,701,108.00 |
| 10 | Over bridge - Uppidamoodu Jn. | 731 | Sudheer.S | 6/11/2023 | 4/4/2024 | 30.06.2024 | BM Completed upto 561m | 70% | 14,609,678.00 | |
| 11 | Althara to Chenthitta | 3,030 | ULCCS | 5/11/2023 | 3/5/2024 | 15.06.2024 | BM Completed.(First layer tarring) | 85% | 212,415,595.30 | |
| 12 | Forest office Jn. to Bakery Jun Road | 585 | Sudheer.S | 6/11/2023 | 04.04.2024 | 30.06.2024 | Road sectioning works | 6000% | 5,938,599.00 | |
| | **TOTAL LENGTH** | **8,585** | | | | | | | | |

**Total Amount 485,695,640.54**

87,425,215.30

**Total 573,120,855.84 (Incl:GST)**